# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 1395 07.06.2018 -ൽ മറുപടിക്ക്

## പുതിയ എസ്.എസ്.എ.രൂപീകരണം

ചോദ്യം

ശ്രീ.എൻ. ഷംസുദ്ദീൻ

ഉത്തരം

പ്രൊഫ: സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) നിലവിലുള്ള എസ്. എസ്. എ- യും ആർ.എം.എസ്.എ-യും ലയിപ്പിച്ചു കൊണ്ട് പുതിയ എസ്.എസ്.എ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) യും ബി) യും പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രൈമറി തലം മുതൽ സെക്കണ്ടറി തലം വരെയുള്ള പ്രവർ ത്തനങ്ങൾ ഏകോപിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എസ്.എസ്.എ., ആർ.എം.എസ്.എ എന്നീ പദ്ധതികൾ സംയോജിപ്പിച്ച് 'സമഗ്ര ശിക്ഷാ അഭിയാൻ 'എന്ന് പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി തീരുമാനമായിട്ടുണ്ട്. നിലവിലുള്ള സൊസൈറ്റികൾ പിരിച്ചുവിടുന്നതിനും പുതിയ സൊസൈറ്റി രൂപീകരിക്കുന്നതിനും ഇതിനായി മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസ് ആൻറ് റെഗുലേഷൻസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രൈമറി തലം മുതൽ സെക്കൻററി തലംവരെയുള്ള പ്രവർത്തനങ്ങൾ ഒരു സംവിധാനത്തിൻ കീഴിൽ വരുന്നതോടെ ലാബ്, പഠനോപകരണങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പങ്കുവയ്ക്കുവാൻ സാധിക്കുന്നതുവഴി അക്കാദമിക് നിലവാരം ഉയർത്താനാകും.കൂടാതെഅദ്ധ്യാപക പരിശീലനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കും. കുട്ടികളുടെ പഠനനേട്ടങ്ങൾ ക്രമാനുഗതമായി വിലയിരുത്തി ആവശ്യമായ പരിഹാര പോഷണ പ്രവർത്തനങ്ങൾ നൽകാൻ കഴിയും. |
| ബി) ഒന്നാം ക്ലാസ് മുതൽ പ്ലസ് ടു വരെ ഇപ്രകാരമുള്ള സംവിധാനത്തിൻ കീഴിൽ വന്നാൽ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകുവാൻ സാധ്യതയുള്ള പുരോഗതികൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ? | |

സെക്ഷൻ ഓഫീസർ